"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - എം.ഇ.എസ് എയ്ഡഡ് സ്കൂൾ കോർപ്പറേറ്റ് മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജി നം.4204/2025-ൽ 03.02.2025 തീയതിയിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.1094/2026/GEDN തീയതി,തിരുവനന്തപുരം, 06-02-2026

---

പരാമർശം:-

1. WP(C) 4204/2025-ൽ 03.02.2025 തീയതിയിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം.
2. വണ്ടൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 30.05.2025ലെ ഡിഇഒഡബ്ല്യുഡിആ/376/2025-ബി3 നമ്പർ റിപ്പോർട്ട്.
3. തിരൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 03.06.2025ലെ ഡിഇഒറ്റിഐആർ/709/2025-ബി5 നമ്പർ റിപ്പോർട്ട്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 09.06.2025 തീയതിയിലെ ഇഎം2/10358/2025/ഡിജിഇ നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

എം.ഇ.എസ് എയ്ഡഡ് സ്കൂൾ കോർപ്പറേറ്റ് മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജി നം.4204/2025-ൽ 03.02.2025 തീയതിയിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം, ഹർജിക്കാരന്റെ എക്സിബിറ്റ് പി14 റിവിഷൻ ഹർജി, പരിഗണിച്ച് 4 മാസത്തിനകം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയത്തിൽ 10.06.2025 തീയതി ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. മാനേജരുടെ വാദഗതികൾ ഇപ്രകാരമാണ്.

3.1. 2022-23 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് നമ്പർ B3/47218/2022 തിയ്യതി 22.07.2023 പ്രകാരം മമ്പാട് എം.ഇ.എസ്. എച്ച്.എസ്.എസ്സിൽ ഒരു ക്ലാർക്ക് തസ്തികയും ഒരു എഫ്.ടി.എം. തസ്തികയും അധികമായി അനുവദിക്കുകയുണ്ടായി. അധികമായി അനുവദിച്ച ക്ലാർക്ക് തസ്തികയിൽ ഇരിമ്പിളിയം എം.ഇ.എസ്. എച്ച്.എസ്.എസ്സിലെ ക്ലാർക്ക് ശ്രീ.അബ്ദുൽ വാരി സി.വി.യെ കെ.ഇ.ആർ. അദ്ധ്യായം XIV A ചട്ടം 10 പകാരം മാനേജരിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് എച്ച്.എസ്. 2079/2023 തിയ്യതി 07.10.2023 ഉത്തരവ് പ്രകാരം മമ്പാട് ഹയർ സെക്കന്ററി സ്കൂളിലേക്ക് സ്ഥലം മാറ്റുകയുണ്ടായി. അതുവഴി ഇരിമ്പിളിയം എം.ഇ.എസ്. എച്ച്.എസ്.എസ്സിലുണ്ടായ ക്ലാർക്ക് ഒഴിവിൽ അതേ സ്കൂളിൽ തന്നെയുള്ള ഓഫീസ് അറ്റൻഡന്റ് ശ്രീ.ഹമീദ് പി.പി.യെ പ്രൊമോഷൻ നൽകി ക്ലാർക്കായി എച്ച്.എസ്. 2079/2023 തിയ്യതി 13.10.2023 പ്രകാരം നിയമിക്കുകയുണ്ടായി. ഓഫീസ് അറ്റൻഡന്റ് ഒഴിവിൽ ഇതേ എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള പൊന്നാനി എം.ഇ.എസ്. എച്ച്.എസ്.എസ്സിലെ സീനിയർ എഫ്.ടി.എം. ശ്രീ. അബ്ദുൽ റഊഫ് പി.എ.യെ ഓഫീസ് അറ്റൻഡന്റായി സ്ഥാനക്കയറ്റം നൽകി ഇരിമ്പിളിയം എച്ച്.എസ്.എസ്സിൽ നിയമിക്കുകയുണ്ടായി. അതുവഴിയുണ്ടായ എഫ്.ടി.എം. തസ്തികയിൽ 27.12.2023 മുതൽ ശ്രീ. ജമാലുദ്ദീൻ ഇ.വി.യെ പുതുതായി നിയമിക്കുകയും ചെയ്തു.

3.2. എന്നാൽ ശ്രീ.അബ്ദുൽ വാരി സി.വി., ക്ലാർക്കിനെ ഇരിമ്പിളിയം എച്ച്.എസ്.എസ്സിൽ നിന്നും മമ്പാട് എം.ഇ.എസ്. എച്ച്.എസ്.എസ്സിലേക്ക് സ്ഥലം മാറ്റിയ നടപടി വണ്ടൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 21.06.2024 ലെ DEO WDR/2122/2023/B3 ഉത്തരവ് പ്രകാരം വ്യവസ്ഥാപിത തസ്തികയിൽ നിന്നും അധിക തസ്തികയിലേക്കുള്ള സ്ഥലം മാറ്റമാണെന്നുള്ള കാരണത്താൽ നിരസിച്ച് ഉത്തരവായിരുന്നു. എന്നാൽ അദ്ദേഹത്തിന് ശമ്പളവും മറ്റു ആനുകൂല്യങ്ങളും ജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിച്ചിട്ടുണ്ട്. ഇതിനിടെ ഇരിമ്പിളിയം എച്ച്.എസ്.എസ്സിൽ നിന്നും മമ്പാട് എച്ച്.എസ്.എസ്സിലേക്ക് സ്ഥലം മാറ്റിയ ശ്രീ.അബ്ദുൽ വാരി സി.വി. തന്റെ സ്ഥലം മാറ്റത്തിനെതിരെ ബഹു. ഹൈക്കോടതിയിൽ WP(C) No.34279/2023 പ്രകാരം റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ആയതിന്റെ WA No. 344/2024 പ്രകാരമുള്ള വിധി ഉത്തരവിൽ ശ്രീ. അബ്ദുൽ വാരി സി.വി.യെ അദ്ദേഹത്തിന് സൗകര്യപ്രദമായ സ്കൂളിലേക്ക് സ്ഥലം മാറ്റുവാൻ നിർദ്ദേശിക്കുകയുണ്ടായി. ഉത്തരവനുസരിച്ച് ശ്രീ. അബ്ദുൽ വാരി സി.വി.യെ മമ്പാട് ഹൈസ്കൂളിൽ നിന്നും പൊന്നാനി ഹൈസ്കൂളിലേക്ക് സ്ഥലം മാറ്റുകയും പൊന്നാനി ഹൈസ്കൂളിലെ ക്ലാർക്ക് ശ്രീ. അബ്ദുൽ ബാരി കെ.ടി.യെ എച്ച്.എസ്. 1/24 തിയ്യതി

24.05.2024 ഉത്തരവ് പ്രകാരം പരസ്പരം സ്ഥലം മാറ്റുകയും ചെയ്തു.

3.3. എന്നാൽ പൊന്നാനി എം.ഇ.എസ്.എച്ച്.എസ്.എസ്സിൽ നിന്നും മമ്പാട് എച്ച്.എസ്.എസ്സിലേക്ക് സ്ഥലം മാറ്റിയ ശ്രീ. അബ്ദുൽ ബാരി കെ.ടി.യുടെ സ്ഥലംമാറ്റം വണ്ടൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 07.08.2024 ലെ DEO WDR/1312/2024/B3 ഉത്തരവ് പ്രകാരം ശ്രീ. അബ്ദുൽ ബാരി കെ.ടി.യെ വ്യവസ്ഥാപിത തസ്തികയിൽ നിന്നും അധിക തസ്തികയിലേക്ക് സ്ഥലംമാറ്റി എന്ന കാരണത്താൽ നിരസിച്ച് ഉത്തരവായിരുന്നു. ആയതിനാൽ 09.06.2003 മുതൽ ക്ലാർക്കായി ജോലി ചെയ്തുവരുന്ന ശ്രീ. അബ്ദുൽ ബാരി കെ.ടി.ക്ക് 01.06.2024 മുതൽ ശമ്പളം ലഭിക്കാത്ത അവസ്ഥ സംജാതമായിരിക്കുന്നു. മാത്രമല്ല, ഇരിമ്പിളിയം ഹൈസ്കൂളിലെ ശ്രീ. ഹമീദ് ഓഫീസ് അറ്റൻഡന്റിന്റെ ക്ലാർക്ക് പ്രൊമോഷൻ നിയമനവും ശ്രീ. ഹമീദിന്റെ ഒഴിവിൽ ശ്രീ. അബ്ദുൽ റഊഫ് എഫ്.ടി.എം. ന്റെ ഓഫീസ് അറ്റൻഡന്റിന്റെ നിയമനവും അംഗീകരിക്കപ്പെട്ടിട്ടില്ല.

3.4. മമ്പാട് എം.ഇ.എസ്. എച്ച്.എസ്.എസ്സിൽ 2022-23 വർഷം പുതുതായി ഉണ്ടാക്കിയ ക്ലാർക്ക് തസ്തികയിൽ ശ്രീ. അബ്ദുൽ ബാരി കെ.ടി.യെ സ്ഥലംമാറ്റി എന്ന കാരണത്താലാണ് അദ്ദേഹത്തിന്റെ സ്ഥലം മാറ്റം വണ്ടൂർ ഡി.ഇ.ഒ. അംഗീകരിക്കാതിരുന്നത്. എന്നാൽ കെ.ഇ.ആർ. അദ്ധ്യായം XIVA ചട്ടം 10 പകാരം മാനേജരിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ചാണ് സ്ഥലം മാറ്റിയത്.

3.5. 08.03.2019ലെ ജെ2/2019 പൊ.വി.വ. ഉത്തരവിൽ അധിക തസ്തികയിൽ ചട്ടം 43 അവകാശിയെയാണ് നിയമിച്ചതെങ്കിൽ പ്രസ്തുത സ്ഥാനക്കയറ്റം അംഗീകരിക്കണമെന്ന് വ്യവസ്ഥയുണ്ട്. ഇവിടെ ഇരിമ്പിളിയം ഹൈസ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ഹമീദ് പി. യെ ക്ലാർക്കായി പ്രൊമോഷൻ നൽകി മമ്പാട് ഹയർ സെക്കന്ററി സ്കൂളിൽ 2022-23 വർഷത്തിലെ അധിക തസ്തികയിൽ നിയമിച്ചില്ല എന്ന കാരണത്താലാണ് ശ്രീ. അബ്ദുൽവാരി സി.വി., ശ്രീ. അബ്ദുൽ ബാരി കെ.ടി. എന്നീ രണ്ടു ക്ലാർക്കുമാരുടെ സ്ഥലം മാറ്റം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കാതിരിക്കുന്നത്. എന്നാൽ സ്ഥലം മാറ്റത്തിനുള്ള അധികാരം കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം XIV A ചട്ടം 10 പകാരം മാനേജരിൽ നിക്ഷിപ്തമാണ്.

3.6. മമ്പാട് എം.ഇ.എസ്. എച്ച്.എസ്.എസ്സിൽ അധികമായി അനുവദിച്ച ക്ലാർക്ക് തസ്തികയിൽ ഇരിമ്പിളിയം ഹൈസ്കൂളിൽ നിന്ന് ശ്രീ. അബ്ദുൽ വാരി സി.വി. ക്ലാർക്കിനെയും

പിന്നീട് പൊന്നാനി ഹൈസ്കൂളിൽ നിന്ന് ശ്രീ. അബ്ദുൽ ബാരി കെ.ടി. ക്ലാർക്കിനെയും സ്ഥലം മാറ്റി എന്ന കാരണത്താൽ അവരുടെ സ്ഥലം മാറ്റം വണ്ടൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചില്ല. തൽഫലമായി ഇരിമ്പിളിയം ഹൈസ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ഹമീദ് പി.പി.യുടെ ക്ലാർക്കായുള്ള പ്രൊമോഷൻ നിയമനവും തൽഫലമായുണ്ടായ ഓഫീസ് അറ്റൻഡന്റ് ഒഴിവിൽ പൊന്നാനി ഹൈസ്കൂളിൽ നിന്നും പ്രൊമോഷൻ നൽകി നിയമിച്ച എഫ്.ടി.എം. ശ്രീ. അബ്ദുൽ റഊഫ്. പി.എ.യുടെ ഓഫീസ് അറ്റൻഡന്റ് നിയമനവും അംഗീകരിക്കപ്പെട്ടിട്ടില്ല.

3.7. പൊന്നാനി ഹൈസ്കൂളിൽ ഒഴിവു വന്ന എഫ്.ടി.എം. തസ്തികയിലുള്ള നിയമനവും 2022-23 വർഷത്തിൽ മമ്പാട് ഹൈസ്കൂളിൽ അനുവദിച്ച അധിക എഫ്.ടി.എം. തസ്തികയിലുള്ള ഒഴിവും 1:1 പാലിച്ചില്ല എന്ന കാരണത്താൽ നിരസിച്ച് ഉത്തരവായിരുന്നു.

3.8 മേൽപ്പറഞ്ഞ ശ്രീ.അബ്ദുൽവാരി സി.വി., ശ്രീ. അബ്ദുൽ ബാരി കെ.ടി. എന്നീ രണ്ടു ക്ലാർക്കുമാരുടെ സ്ഥലം മാറ്റം അംഗീകരിച്ച് ഉത്തരവാകണമെന്നും ശ്രീ.ഹമീദ് പി.പി.യുടെ ക്ലാർക്കായുള്ള പ്രൊമോഷൻ നിയമനവും ശ്രീ.അബ്ദുൽ റഊഫ് പി.എ.യുടെ ഓഫീസ് അറ്റൻഡന്റായുള്ള പ്രൊമോഷൻ നിയമനവും അംഗീകരിച്ച് ഉത്തരവാകണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്

4.1. മലപ്പുറം ജില്ലയിലെ മമ്പാട് എം.ഇ.എസ്.എച്ച്.എസ്.എസ്.ൽ 2022-23 വർഷം ഒരു ക്ലാർക്ക് തസ്തിക ഉൾപ്പെടെ 9 അധിക തസ്തികകൾ അനുവദിച്ചിരുന്നു. കെ.ഇ.ആർ അധ്യായം XXI ചട്ടം 7(2) വ്യവസ്ഥ പാലിക്കാതെയാണ് മാനേജർ 2022-23 വർഷത്തെ അധിക തസ്തികകളിൽ നിയമനം നടത്തിയിട്ടുള്ളത്. മമ്പാട് എം.ഇ.എസ്.എച്ച്.എസ്.എസ്. ലെ 2022-23 വർഷത്തെ അധിക ക്ലാർക്ക് തസ്തികയിലേക്ക് മാനേജർ ഇരിമ്പിളിയം എം.ഇ.എസ്.എച്ച്.എസ്.എസ്.ൽ വ്യവസ്ഥാപിത ക്ലാർക്ക് തസ്തികയിൽ നിയമനാംഗീകാരത്തോടെ ജോലി ചെയ്തിരുന്ന ശ്രീ. അബ്ദുൽ വാരി സി.വി. യെ സ്ഥലം മാറ്റി നിയമിക്കുകയും ആയത് മൂലം ഉണ്ടായ ഒഴിവിലേക്ക് ഇരിമ്പിളിയം എം.ഇ.എസ്.എച്ച്.എസ്.എസ്. ലെ ഓഫീസ് അറ്റൻഡൻ് ശ്രീ. ഹമീദ് പി.പി.യെ ക്ലാർക്കായി സ്ഥാനകയറ്റം നൽകി 16/10/2023 മുതൽ നിയമിക്കുകയും ചെയ്തു. ശ്രീ.അബ്ദുൽ വാരി സി.വി.ക്ക് സ്ഥലം മാറ്റം നൽകിയ മമ്പാട് എം.ഇ.എസ്.എച്ച്.എസ്.എസ്. ലെ ക്ലാർക്ക് തസ്തിക 2022-23 വർഷം അനുവദിച്ച അധിക തസ്തികയാണ്. കെ.ഇ.ആർ അധ്യായം XXI ചട്ടം 7(2) വിധേയമായിട്ടാണ് ടി തസ്തികയിൽ

നിയമനം നടത്തേണ്ടത്. ശ്രീ.അബ്ദുൽ വാരി സി.വി. യുടെ സ്ഥലം മാറ്റം ആയതിന് വിരുദ്ധമായതിനാൽ നിരസിക്കപ്പെട്ടു.

4.2. ശ്രീ.അബ്ദുൽ വാരി സി.വി. മാനേജരുടെ സ്ഥലംമാറ്റ ഉത്തരവിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 34279/2023 മേൽ ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ്, റിട്ട് അപ്പീൽ 346/2024-മേലുള്ള 15/03/2024 ലെ വിധിന്യായം എന്നിവയുടെ അടിസ്ഥാനത്തിൽ മാനേജർ ശ്രീ.അബ്ദുൽ വാരി സി.വി.യെ എം.ഇ.എസ്.എച്ച്.എസ്.എസ്. പൊന്നാനിയിലേക്ക് സ്ഥലം മാറ്റി നിയമിച്ചു. തുടർന്ന് പൊന്നാനി എം.ഇ.എസ്. ലെ വ്യവസ്ഥാപിത തസ്തികയിൽ നിയമനാംഗീകാരത്തോടെ തുടർന്നിരുന്ന ക്ലാർക്ക് ശ്രീ.അബ്ദുൽ ബാരി കെ.ടി. യെ മമ്പാട് എം.ഇ.എസ്.എച്ച്.എസ്.എസ്. ൽ 2022-23 വർഷം അനുവദിച്ച അധിക ക്ലാർക്ക് തസ്തികയിലേക്ക് 01/06/2024 മുതൽ സ്ഥലം മാറ്റി നിയമിച്ചു. പ്രസ്തുത അധിക തസ്തികയിൽ കെ.ഇ.ആർ അധ്യായം 21 ചട്ടം 7 (2) പ്രകാരമാണ് നിയമനം നടത്തേണ്ടത്, മാനേജർ ഈ വ്യവസ്ഥ പാലിക്കാതെയാണ് സ്ഥലംമാറ്റം നടത്തിയിട്ടുള്ളത്. 08/03/2019ലെ സർക്കാർ സർക്കുലർ നം. ജെ2/57/2014/പൊ.വി.വ പ്രകാരം കെ.ഇ.ആർ അദ്ധ്യായം 14എ ചട്ടം 43, 51എ, 51 ബി എന്നിവ പ്രകാരമുള്ള മുൻഗണനാവകാശികൾ ഉണ്ടെങ്കിൽ രാജി, മരണം, വിരമിക്കൽ, ട്രാൻസ്ഫർ, പ്രൊമോഷൻ തുടങ്ങിയ വ്യവസ്ഥാപിത ഒഴിവുകളിൽ നിയമിക്കപ്പെട്ടതിനു ശേഷം അധിക തസ്തികകളിൽ നിയമിക്കാവുന്നതാണ്. അങ്ങനെ നിയമിക്കുമ്പോൾ തത്തുല്യ എണ്ണം സംരക്ഷിതാധ്യാപകരെ പിന്നീട് നിയമിച്ചാൽ മതിയാകും. ശ്രീ.അബ്ദുൽ വാരി സി.വി., ശ്രീ. അബ്ദുൽ ബാരി കെ.ടി. എന്നിവരെ വ്യവസ്ഥാപിത തസ്തികകളിൽ നിന്നാണ് അധിക തസ്തികയിലേക്ക് സ്ഥലം മാറ്റിയിരിക്കുന്നത് എന്നതിനാൽ രണ്ടു സ്ഥലം മാറ്റങ്ങളും നിരസിക്കപ്പെട്ടു.

4.3. ശ്രീ.അബ്ദുൽ വാരി സി.വി., ശ്രീ.അബ്ദുൽ ബാരി കെ.ടി. എന്നിവരുടെ സ്ഥലംമാറ്റം നിരസിച്ചതിനെ തുടർന്ന് മാനേജർ എം.ഇ.എസ്.എച്ച്.എസ്.എസ്. മമ്പാട്-ലെ അധിക ക്ലാർക്ക് തസ്തികയിലെ നിയമനം അംഗീകരിക്കുന്നതിന് ഇതേ മാനേജ്മെന്റിന് കീഴിലുള്ള ശ്രീനാരായണപുരം എം.ഇ.എസ്.എച്ച്.എസ്.എസ്. ലെ എച്ച്.എസ്.ടി(നാച്ചുറൽ സയൻസ്) തസ്തിക കെ.ഇ.ആർ അധ്യായം XXI ചട്ടം 7 (2) പ്രകാരം 1:1 പ്രകാരം മാറ്റി വെച്ചു കൊണ്ട് ഡിക്ലറേഷൻ സമർപ്പിച്ചു. 05/09/2024ലെ സർക്കാർ കത്ത് J2/117/22-GEDN പ്രകാരം ഒന്നിലധികം സ്കൂളുകളുള്ള മാനേജ്മെന്റിലെ അധിക തസ്തികകൾക്ക് ഓരോ സ്കൂളിനെയും ഓരോ യൂണിറ്റ് ആയി കണക്കാക്കേണ്ടതാണ് എന്നതിനാൽ എം.ഇ.എസ്.എച്ച്.എസ്.എസ്. മമ്പാട്-ലെ

അധിക തസ്തികയിലെ നിയമനം അംഗീകരിക്കുന്നതിന് ശ്രീനാരായണപുരം എം.ഇ.എസ്.എച്ച്.എസ്.എസ്. ലെ അധിക തസ്തിക വിട്ടുനൽകിയത് ക്രമപ്രകാരമല്ല. ടി വിവരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചതിനെ തുടർന്ന് മാനേജർ മമ്പാട് എം.ഇ.എസ്.എച്ച്.എസ്.എസ്. ൽ 2022-23 വർഷം അനുവദിച്ച എഫ്.ടി.എം തസ്തികയിലെ നിയമനം പിൻവലിച്ച് കൊണ്ട് ഈ തസ്തിക കെ.ഇ.ആർ അധ്യായം XXI ചട്ടം 7 (2) പ്രകാരം 1:1 പാലിക്കുന്നതിനായി മാറ്റിവെച്ചു കൊണ്ട് ഡിക്ലറേഷൻ സമർപ്പിച്ചു. മാനേജർ മാറ്റിവെച്ച എഫ്.ടി.എം തസ്തികയിൽ മാനേജർ നിയമനം നടത്തിയിട്ടുള്ളതിനാൽ ഈ തസ്തികയിൽ നിയമിച്ച ശ്രീമതി ജസ്ന, പ്രധാനാധ്യാപകൻ, മാനേജർ എന്നിവരെ വണ്ടൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നേരിൽ കേൾക്കുകയും എഫ്.ടി.എം തസ്തികയിലെ നിയമനം പിൻവലിക്കുന്നില്ല, കെ.ഇ.ആർ അധ്യായം XXI ചട്ടം 7(2) പ്രകാരം 1:1 പ്രകാരം എഫ്.ടി.എം തസ്തിക വിട്ടു നൽകുന്നില്ല എന്ന് മാനേജർ രേഖാമൂലം അറിയിക്കുകയും ചെയ്തു.

4.4. ഇരിമ്പിളിയം എം.ഇ.എസ്.എച്ച്.എസ്.എസ്. ലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ഹമീദ് പി.പി.യെ ക്ലാർക്ക് ആയി സ്ഥാന കയറ്റം നൽകിയ ഒഴിവിൽ പൊന്നാനി എം.ഇ.എസ്.എച്ച്.എസ്.എസ്. ലെ എഫ്.ടി.എം ശ്രീ.അബ്ദുൽ റൗഫ് പി.യെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സ്ഥാന കയറ്റം നൽകി എം.ഇ.എസ്.എച്ച്.എസ്.എസ്. ഇരിമ്പിളിയത്തിൽ 21/10/2023 മുതൽ നിയമിച്ചു. ശ്രീ.അബ്ദുൽ റൗഫ് പി.എ.യെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ എം.ഇ.എസ്.എച്ച്.എസ്.എസ്. ഇരിമ്പിളിയത്തിലേക്കു സ്ഥാനകയറ്റം നൽകിയ ഒഴിവിൽ മാനേജർ 27/12/2023 മുതൽ ശ്രീ. ജമാലുദ്ധീൻ ഇ.വി. യെ എഫ്.ടി.എം തസ്തികയിൽ എം.ഇ.എസ്.എച്ച്.എസ്.എസ്. പൊന്നാനിയിൽ നിയമിച്ചു.

4.5. എം.ഇ.എസ്.എച്ച്.എസ്.എസ്. മമ്പാടിൽ 2022-23 വർഷം അനുവദിച്ച അധിക ക്ലാർക്ക് തസ്തികയിലേക്ക് സ്ഥലം മാറ്റിയ ശ്രീ. അബ്ദുൾ വാരി സി.വി.യുടെ സ്ഥലം മാറ്റ നടപടി അംഗീകരിച്ചാൽ മാത്രമേ (നിലവിൽ ഈ തസ്തികയിൽ എം.ഇ.എസ്.എച്ച്.എസ്.എസ്. പൊന്നാനിയിലെ ശ്രീ.അബ്ദുൾ ബാരി കെ.ടി.യാണ് ജോലി ചെയ്യുന്നത്), ശ്രീ. ഹമീദ് പി.പി. (ക്ലാർക്ക്, എം.ഇ.എസ്.എച്ച്.എസ്.എസ്. ഇരിമ്പിളിയം), ശ്രീ. അബ്ദുൽ റൗഫ് പി.എ. (ഓഫീസ് അറ്റൻഡന്റ് എം.ഇ.എസ്.എച്ച്.എസ്.എസ്. ഇരിമ്പിളിയം), ശ്രീ. ജമാലുദ്ധീൻ ഇ.വി.(എഫ്.ടി.എം, എം.ഇ.എസ്.എച്ച്.എസ്.എസ്. പൊന്നാനി) എന്നിവരുടെ നിയമനങ്ങൾ അംഗീകരിക്കാൻ കഴിയൂ. ശ്രീ. അബ്ദുൾ വാരി സി.വി.യെ സ്ഥലം മാറ്റം നടത്തിയ തസ്തിക 2022-23 വർഷം അനുവദിച്ച അധിക തസ്തികയാണ്. കെ.ഇ.ആർ അധ്യായം XXI ചട്ടം 7(2)ന് വിധേയമായി 1:1

അനുപാതം പാലിച്ച് നികത്തേണ്ട തസ്തികയായതിനാൽ ടി തസ്തികയിൽ ട്രാൻസ്ഫർ പ്രകാരമുള്ള നിയമനം അംഗീകരിക്കാൻ നിർവാഹമില്ല. മേൽ സാഹചര്യത്തിൽ ശ്രീ.അബ്ദുൽ വാരി സി.വി., ശ്രീ.അബ്ദുൽ ബാരി കെ.ടി. എന്നിവരുടെ സ്ഥലം മാറ്റം അംഗീകരിക്കുകയും അതുവഴി ശ്രീ. ഹമീദ് പി.പി.(ക്ലാർക്ക്), ശ്രീ. അബ്ദുൽ റൗഫ് പി.എ. (ഓഫീസ് അറ്റൻഡന്റ്), ശ്രീ. ജമാലുദ്ധീൻ ഇ.വി. (എഫ്.ടി.എം) എന്നിവരുടെ സ്ഥാനക്കയറ്റ നിയമനങ്ങൾ അംഗീകരിക്കണമെന്ന മാനേജരുടെ റിവിഷൻ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.അബ്ദുൽ വാരി സി.വി., ശ്രീ.അബ്ദുൽ ബാരി കെ.ടി. എന്നിവരുടെ സ്ഥലം മാറ്റം അംഗീകരിക്കുകയും അതുവഴി ശ്രീ. ഹമീദ് പി.പി.(ക്ലാർക്ക്), ശ്രീ. അബ്ദുൽ റൗഫ് പി.എ. (ഓഫീസ് അറ്റൻഡന്റ്), ശ്രീ. ജമാലുദ്ധീൻ ഇ.വി.(എഫ്.ടി.എം) എന്നിവരുടെ സ്ഥാനക്കയറ്റ നിയമനങ്ങൾ അംഗീകരിക്കണമെന്ന മാനേജരുടെ റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ച് അപ്രകാരം എം.ഇ.എസ് എയ്ഡഡ് സ്കൂൾ കോർപ്പറേറ്റ് മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജി നം.4204/2025-ൽ 03.02.2025 തീയതിയിലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUNITHA S GEORGE

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (അറിവിലേക്കായി)

കോർപ്പറേറ്റ് മാനേജർ, എം.ഇ.എസ്. എയ്ഡഡ് സ്കൂൾസ്, എം.ഇ.എസ്. ഫാത്തിമാ ഗഫൂർ മെമ്മോറിയൽ വുമൻസ് കോളേജ് കാമ്പസ്, കണ്ണൂർ റോഡ്, നടക്കാവ് പി.ഒ., കോഴിക്കോട്-673 011

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വണ്ടൂർ

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരൂർ

ഹെഡ്മാസ്റ്റർ, എം.ഇ.എസ്. എച്ച്.എസ്.എസ്., മമ്പാട്, മലപ്പുറം-676 542

ഹെഡ്മാസ്റ്റർ, എം.ഇ.എസ്. എച്ച്.എസ്.എസ്., ഇരിമ്പിളിയം, മലപ്പുറം-679 572

ഹെഡ്മാസ്റ്റർ, എം.ഇ.എസ്. എച്ച്.എസ്.എസ്., പൊന്നാനി, മലപ്പുറം-679 586

ശ്രീ.സി.വി.അബ്ദുൾ വാരി, ക്ലർക്ക്, എം.ഇ.എസ്. എച്ച്.എസ്.എസ്., പൊന്നാനി, മലപ്പുറം-679 586

ശ്രീ.കെ.റ്റി.അബ്ദുൾ ബാരി, ക്ലർക്ക്, എം.ഇ.എസ്. എച്ച്.എസ്.എസ്., മമ്പാട്, മലപ്പുറം-676 542

ശ്രീ.ഹമീദ്, ക്ലർക്ക്, എം.ഇ.എസ്. എച്ച്.എസ്.എസ്., ഇരിമ്പിളിയം, മലപ്പുറം-679 572

ശ്രീ.അബ്ദുൾ റൗഫ് പി.എ., ഓഫീസ് അറ്റൻഡന്റ്, എം.ഇ.എസ്. എച്ച്.എസ്.എസ്., ഇരിമ്പിളിയം, മലപ്പുറം-679 572

ശ്രീ.ജമാലുദ്ദീൻ, എഫ്.ടി.എം.,എം.ഇ.എസ്. എച്ച്.എസ്.എസ്., പൊന്നാനി, മലപ്പുറം-679 586

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 06-02-2026 11:10:51

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.